അപ്പന്റിക്സ് എച്ച് 4

നമ്പർ: DDEKNR/1936/2025-A3


വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം

കണ്ണൂർ, തീയതി : 29-10-2025

ഫോൺ നമ്പർ 0497-2705149

Email: ddeknr.dge@kerala.gov.in


## **കാരണം കാണിക്കൽ നോട്ടീസ്**

പെരിങ്ങാനം ഗവ.എൽ.പി സ്കൂളിലെ പി.ഡി ടീച്ചർ ആയിരുന്ന ശ്രീ.ജസീൽ.കെ.പിയ്ക്ക് നൽകുന്ന കാരണം കാണിക്കൽ നോട്ടീസ്.

താങ്കൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 11-08-2005 തീയ്യതിയിലെ GO(Rt) No.3993/2005/GEd പ്രകാരം 01-10-2005 മുതൽ 30-09-2010 വരെയും , 27-09-2010 തീയ്യതിയിലെ GO(Ms) No. 4192/2010/G.Edu നമ്പർ ഉത്തരവ് പ്രകാരം 01-10-2010 മുതൽ 30-09-2015 വരെയും , 31-10-2015 തീയ്യതിയിലെ SC(1)/79420/2015/DPI നമ്പർ ഉത്തരവ് പ്രകാരം 01-10-2015 മുതൽ 30-09-2020 വരെയും ശൂന്യ വേതനാവധിയിൽ ആയിരുന്നു എന്നും താങ്കൾ ഇതുവരെയായി ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ല എന്നും പ്രധാനധ്യാപിക ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു. താങ്കളിൽ നിന്നും ഉണ്ടായിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപവും കടുത്ത അച്ചടക്ക ലംഘനവുമാണ് എന്നതിനാൽ താങ്കൾക്ക് ഈ കാര്യാലയത്തിൽ നിന്ന് നൽകിയ കേരള സിവിൽ സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ 02-09-2025 തീയ്യതിയിൽ താങ്കൾ കൈപ്പറ്റിയതിന്റെ പകർപ്പ് പ്രധാനധ്യാപിക ഈ കാര്യാലയത്തിലേക്ക് ലഭ്യമാക്കിയിരുന്നു. അവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിക്കാതെ താങ്കൾ അനധികൃതമായി സേവനത്തിൽ നിന്ന് വിട്ടുനിൽക്കുകയാണുണ്ടായത്.

താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത് ഗുരുതരമായ അച്ചടക്ക ലംഘനമാണെന്ന് കാണുന്നു. ആയതിനാൽ KSR Part I, Appendix XIIA- Rule 9, 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V ചട്ടം 11 ൽ VII പ്രകാരം പ്രകാരം താങ്കളെ സർവീസിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ഈ നോട്ടീസ് കിട്ടി 15 ദിവസത്തിനകം മറുപടി സമർപ്പിക്കേണ്ടതാണ്. താങ്കളുടെ മറുപടി നിർദ്ദിഷ്ട തീയ്യതിക്കകം ലഭിക്കുന്നില്ലായെങ്കിൽ ഈ വിഷയത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന അനുമാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

Signed by Shaini D
Date: 29-10-2025 14:41:38

വിദ്യാഭ്യാസ ഉപഡയറക്ടർ
കണ്ണൂർ

സ്വീകർത്താവ്:

1. ശ്രീ.ജസീൽ.കെ.പി , പി.ഡി ടീച്ചർ , ഗവ.എൽ.പി സ്കൂൾ പെരിങ്ങാനം.
   (പെരിങ്ങാനം ഗവ.എൽ.പി സ്കൂൾ പ്രധാനാധ്യാപിക മുഖേന)
2. പ്രധാനാധ്യാപിക , ഗവ.എൽ.പി സ്കൂൾ പെരിങ്ങാനം.